പ്ലസ്‌വൺ പ്രവേശനത്തിന് വിദ്യാർത്ഥികൾക്ക് വെയിറ്റേജ് നിശ്ചയിക്കാൻ നടപടി

180 [1433] ശ്രീ. റോഷി അഗസ്റ്റിൻ :
" തോമസ് ചാഴികാടൻ :
" കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത അദ്ധ്യായന വർഷത്തേക്കുള്ള പ്ലസ്‌വൺ പ്രവേശനം സംബന്ധിച്ച് മുൻഗണനാ മാനദണ്ഡം നിശ്ചയിക്കുന്നതിന് ചർച്ച നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) പ്ലസ്‌വൺ പ്രവേശനത്തിന് വിദ്യാർത്ഥികൾക്ക് വെയിറ്റേജ് എപ്രകാരം നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) ചർച്ചയുടെ അടിസ്ഥാനത്തിൽ തീരുമാനമൊന്നും എടുത്തിട്ടില്ല.

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ മരാമത്ത് റോഡുകളുടെ ദൈർഘ്യം

181 [1400] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ മരാമത്ത് റോഡുകളുടെ ആകെ ദൈർഘ്യം എത്രയാണെന്ന് അറിയിക്കാമോ;

(ബി) ഇതിൽ ദേശീയപാത, സംസ്ഥാന ഹൈവേ, മേജർ ജില്ലാ റോഡുകൾ മറ്റ് ജില്ലാ റോഡുകൾ, ഗ്രാമീണ റോഡുകൾ എന്നിവ ഓരോന്നിന്റെയും ദൈർഘ്യം പ്രത്യേകം പ്രത്യേകം വ്യക്തമാക്കുമോ;

(സി) 2001 മേയ് മാസത്തിനുശേഷം പദവി ഉയർത്തിയ റോഡുകളുടെ ദൈർഘ്യവും അവ ഏതെല്ലാമെന്നും വെളിപ്പെടുത്താമോ;

(ഡി) ഇപ്രകാരം പദവി ഉയർത്തി നൽകിയ റോഡുകൾ പുനരുദ്ധരിച്ച് വീതി കൂട്ടാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ദേശീയപാത വിഭാഗത്തിൽ 17.60 കി. മീറ്റർ റോഡും നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 208.883 കി. മീറ്റർ റോഡും ഉണ്ട്.

(ബി) ദേശീയപാത-17.60 കി. മീറ്റർ, സംസ്ഥാന രാജപാത-ഇല്ല, മേജർ ജില്ലാ റോഡുകൾ-208.883 കി. മീറ്റർ.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിശദ വിവരങ്ങൽ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഡി) പദവി ഉയർത്തിയ റോഡുകൾ പുനരുദ്ധരിക്കുന്നതിന് ആവശ്യമായ ഫണ്ട് ബഡ്ജറ്റിൽ ഉൾപ്പെടുത്തി നടപടിക്രമങ്ങൾ പൂർത്തിയാക്കുന്ന മുറക്ക് മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

നൂറുദിന കർമ്മ പരിപാടിയും വിദ്യാഭ്യാസ വകുപ്പിലെ ഫയൽ തീർപ്പാക്കലും

182 [1445] ശ്രീമതി ഗിരിജ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറുദിന കർമ്മ പരിപാടിയിൽപ്പെടുത്തി വിദ്യാഭ്യാസ വകുപ്പിൽ എത്ര ഫയൽ ക്ലോസ് ചെയ്തു; ഇതിൽ അവസാന തീരുമാനമായവ എത്ര;

(ബി) വിദ്യാഭ്യാസ വകുപ്പിൽ കുടിശ്ശികയായി ഇനിയും അവശേഷിക്കുന്ന ഫയലുകൾ എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സെക്രട്ടേറിയറ്റിലെ പൊതു വിദ്യാഭ്യാസ വകുപ്പിൽ 5249 ഫയലുകളും ഉന്നത വിദ്യാഭ്യാസ വകുപ്പിൽ 2366 ഫയലുകളും തീർപ്പാക്കി. വിദ്യാഭ്യാസ വകുപ്പിൽ ഡയറക്ടറേറ്റിലും ഡയറക്ടറുടെ കീഴിലുള്ള മറ്റ് ഓഫീസുകളിലേയും വിവരം ശേഖരിച്ചുവരുന്നു.

(ബി) പൊതു വിദ്യാഭ്യാസ വകുപ്പിൽ 5751 ഫയലുകളും ഉന്നത വിദ്യാഭ്യാസ വകുപ്പിൽ 3153 ഫയലുകളും കുടിശ്ശികയായി അവശേഷിക്കുന്നു.

ചവറ ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ

183 [1461] ശ്രീ. ഷിബു ബേബി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയന വർഷം എത്ര സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ തുടങ്ങിയെന്നും ഏതെല്ലാം കോളേജുകളിലാണെന്നും വിശദമാക്കാമോ;

(ബി) എത്ര എയ്ഡഡ് കോളേജുകളിലും എത്ര അൺ എയ്ഡഡ് കോളേജുകളിലും പുതിയ കോഴ്സുകൾ തുടങ്ങി; ഓരോ കോളേജുകളുടെയും പേർ വെളിപ്പെടുത്താമോ;

(സി) ചവറ ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നത്തേയ്ക്ക് ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ അദ്ധ്യയന വർഷം പുതിയ കോഴ്സുകൾ അനുവദിച്ച 2 ഗവൺമെന്റ് കോളേജുകളുടെ വിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2/2313/2012/DTP.

LIBRARY ARCHIVES Kerala Legislative Assembly